**സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 297/2026**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ സഭയുടെ ആദ്ധ്യാത്മീക സിരാകേന്ദ്രം വൈദിക സെമിനാരികളാണ്. ദൈവവിളിയും സമ്പൂർണ്ണ സമർപ്പണവും വിശുദ്ധ ജീവിതവും സാമൂഹിക പ്രതിബദ്ധതയുമുള്ള വൈദിക സമൂഹം സഭയുടെ വളർച്ചയ്ക്ക് അനിവാര്യമാണ്. ആയതിനാൽ ദൈവാശ്രയവും പ്രതിബദ്ധതയും ജ്ഞാനവുമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി മികച്ച പരിശീലനം നൽകേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ അളവറ്റ കൃപയാലും വിശ്വാസികളുടെ നിർലോഭമായ സഹായങ്ങളാലും നമ്മുടെ സെമിനാരികൾ അഭിവൃദ്ധിപ്പെടുന്നതിൽ ദൈവത്തെ സ്തുതിക്കാം. സെറാമ്പൂർ സർവ്വകലാശാലയുടെ ബാച്ചിലർ ഓഫ് ഡിവിനിറ്റി (ബി.ഡി) പരീക്ഷയിൽ സെമിനാരി വിദ്യാർത്ഥികൾ മികച്ച വിജയം നേടുന്നതിൽ നാം പ്രത്യേകം സന്തോഷിക്കുകയും അനുമോദിക്കുകയും ചെയ്യുന്നു.

കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ ബി. ഡി. ഡിഗ്രിക്ക് 85 വിദ്യാർത്ഥികളും നാഗ്പ്പൂർ സെന്റ് തോമസ് സെമിനാരിയിൽ 40 വിദ്യാർത്ഥികളും ഉണ്ട്. ഇതുകൂടാതെ ഓർത്തഡോക്സ് സെമിനാരിയിൽ മാസ്റ്റർ ഡിഗ്രിക്കും ഡോക്ടറേറ്റിനും ഇതര സഭകളിൽ നിന്നുള്ളവർ ഉൾപ്പെടെ 25 വിദ്യാർത്ഥികളും പഠിക്കുന്നുണ്ട്. കോട്ടയം സെമിനാരിയിൽ വർദ്ധിച്ചു വരുന്ന വൈദ്യുതി ബില്ല് കുറയ്ക്കുന്നതിനായി കാമ്പസിൽ സോളാർ സംവിധാനം നടപ്പാക്കാനുള്ള പദ്ധതി 2026 ഡിസംബറിനു മുമ്പ് ആവിഷ്ക്കരിച്ച് പൂർത്തീകരിക്കുവാൻ ആഗ്രഹിക്കുന്നു. ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിൽ ഓൺലൈൻ സംഗീത പരിശീലനവും പ്രത്യാശാ കൗൺസലിംഗ് സെന്ററിൽ ഉന്നത നിലവാരത്തിലുള്ള കൗൺസലിംഗ് കോഴ്സും വിജയകരമായി നടത്തുന്നു. ദിവ്യബോധന പഠനപദ്ധതിയിൽ ഇപ്പോൾ മാസ്റ്റർ ഡിഗ്രി കോഴ്സ് ആരംഭിച്ചിട്ടുണ്ട്. 2025-ൽ ആരംഭിച്ച പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ സിറിയക് സ്റ്റഡി സെന്ററിന്റെ ആഭിമുഖ്യത്തിൽ സുറിയാനി പഠനം, ഗവേഷണം, പ്രസിദ്ധീകരണം എന്നിവയ്ക്കായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. നാഗ്പൂർ സെമിനാരിയുടെ ഭാഗമായി ഭിന്നശേഷിക്കാരായ (Differently abled) കുട്ടികൾക്കായി പ്രേരണ സ്പെഷ്യൽ സ്കൂൾ, അത്മായർക്കായി ക്രമീകരിച്ച ഓൺലൈൻ കോഴ്സായ *സത്യജ്യോതി* എന്നിവ വിജയകരമായി പ്രവർത്തിക്കുന്നു.

ഈ വർഷത്തെ സെമിനാരിദിനം ഒക്ടോബർ 4 ഞായറാഴ്ചയാണ്. അന്നേദിവസം എല്ലാ പള്ളികളിലും വി. കുർബ്ബാനമദ്ധ്യേ സെമിനാരികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും, സെമിനാരിദിന കവർ പിരിവിലും സ്തോത്രകാഴ്ചയിലും എല്ലാവരും സഹകരിക്കുകയും കവർ പിരിവിൽ നിന്ന് ലഭിക്കുന്ന മുഴുവൻ തുകയും മടി കൂടാതെ സെമിനാരിക്ക് അയച്ചു കൊടുക്കുകയും വേണം. നമ്മുടെ വൈദിക സെമിനാരികളിൽ വിദ്യാഭ്യാസം മുടക്കം കൂടാതെ നിർവ്വഹിക്കേണ്ടത് പരിശുദ്ധ സഭയുടെ നിലനിൽപ്പിന് അനിവാര്യമാണ്. സന്മനസ്സുള്ളവർ അവരുടെ ദശാംശത്തിൽ നിന്ന് ഓരോ വർഷവും 1000 രൂപ വീതം നൽകി *സെമിനാരി സുഹൃത്തുക്കൾ* (Seminary Friends) ആകണം. ആയതിനാൽ സാദ്ധ്യമായ എല്ലാ സാമ്പത്തിക പിന്തുണയും വൈദിക സെമിനാരികൾക്ക് നൽകി സഹായിക്കണമെന്ന് നാം നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. കവർ പിരിവും സെമിനാരിദിന കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത് ***പ്രിൻസിപ്പൽ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി. ബി. 98, കോട്ടയം-1, കേരളം, 686001*** എന്ന വിലാസത്തിൽ 2026 ഡിസംബർ 31 നു മുമ്പായി അയച്ചുകൊടുക്കണം. സെമിനാരി ദിനത്തിൽ സമാഹരിക്കുന്ന തുക ആനുപാതികമായി നാഗ്പ്പൂർ സെമിനാരിക്കും വീതിച്ചു നൽകുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2026 ഓഗസ്റ്റ് മാസം 21-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**In the blessed name of the Tri-une God, Self-existent,
Beginningless and Endless, Perfect in Being, (Glory be to Him)
Moran Mar Baselios Marthoma Mathews III Catholicos of the East and
Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. MOSC/CMM/297/2026**

Blessings to our beloved Vicars of the Parish churches, Assistant Priests, Priests of the locality, Kaisthanees and faithful of all the Parishes!

Our dearly beloved in the Lord,

We are happy to know that our Theological Seminaries, both at Kottayam and Nagpur, are functioning well by the Grace of God. These Seminaries are centres of learning and sacred places for the spiritual growth of our Church. Praise be to God that both the seminaries are flourishing with the immeasurable Grace of God and by the generous help of our faithful. It is our responsibility to identify young men who are God-fearing, committed, discerning, and wise, and to provide them with excellent theological and pastoral formation.

The Orthodox Theological Seminary, Kottayam, has 85 BD students and the St. Thomas Orthodox Theological Seminary, Nagpur, has 40 BD students for the current academic year. Apart from these, 25 students from different denominations, churches and states are attending Master's degree and Doctoral degree programmes under the FFRRC scheme at the Orthodox Theological Seminary, Kottayam.

The Orthodox Theological Seminary, Kottayam is planning to install a solar power system on the campus to reduce the increasing electricity expenses. The project is expected to be completed before December 2026.

Sruti School of Liturgical Music, providing sound engineering and voice control training programmes, Pratyasha Counselling Centre with advanced counselling courses and Divyabodhanam - a lay theological training programme, are successfully progressing. Satya Jyoti - an online course for lay people, and Prerana Special School for the Differently Abled Children, launched by Nagpur Seminary, are well received by our faithful.

This year, the Seminary Day falls on Sunday, 04th October 2026. On that day, everyone should pray for the Seminary in the Holy Qurbana in all the churches, and everyone should cooperate in the Seminary Day Cover Collection and offertory. The seminaries are the backbone of our Church. A community of priests with a divine calling, total dedication, and a deep sense of social commitment is essential for the growth and vitality of the Church. Those who sincerely love the Seminaries could choose to become Friends of the Seminary by donating one thousand rupees (Rs.1000) each year. Despite all our personal as well as parish-level financial challenges, we have to extend a helping hand to our Seminaries for their smooth functioning.

We earnestly seek the support of the Vicars and the parish-level managing committee members to ensure good participation of the parishioners in the Seminary Day Cover Collections and the offertory.

*(PTO)*

The collected amount will be proportionally divided between the two Seminaries. The cover collections and offertory may be sent to The Principal, Orthodox Theological Seminary, P.B. No. 98, Kottayam, 686 001, before 31st December 2026.

May the Grace and Blessings of the God Almighty abide with you forever. And may the prayers of the Mother of our God, the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and all the Holy Saints be a stronghold for us. Amen.

Our Father who art in Heaven.........................



**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
On August 21, 2026